"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വിനോദ സഞ്ചാര വകുപ്പ് - ജീവനക്കാര്യം - പത്തനംതിട്ട ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. പി. ഐ. സുബൈർകുട്ടിയ്ക്ക് അവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിനോദ സഞ്ചാര (എ) വകുപ്പ്**

സ.ഉ.(സാധാ) നം.732/2024/TSM തീയതി,തിരുവനന്തപുരം, 26-12-2024

---

പരാമർശം:-
1. ശ്രീ. പി. ഐ. സുബൈർകുട്ടിയുടെ 01.02.2024 തീയതിയിലെ അപേക്ഷ
2. 11.11.2024ലെ സ.ഉ.(സാധാ) നം. 654/2024/ടൂറിസം
3. വിനോദ സഞ്ചാര വകുപ്പ് ഡയറക്ടറുടെ 18.11.2024ലെ DOT/8418/2023/E2 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

നിലവിൽ വിനോദ സഞ്ചാര വകുപ്പ് പത്തനംതിട്ട ജില്ലാ ഓഫിസിൽ ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിൽ ജോലി ചെയ്യുന്ന ശ്രീ. പി. ഐ. സുബൈർകുട്ടി, ന്യൂ ഡൽഹി കേരള ഹൗസിൽ ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിൽ ജോലി ചെയ്തിരുന്ന കാലയളവിൽ 14.05.2018 മുതൽ 12.06.2018 വരെ 30 ദിവസത്തെ ആർജിത അവധി അനുവദിക്കുന്നതിനും, 13.06.2018 മുതൽ 25.06.2018 വരെ 13 ദിവസത്തെ അർദ്ധവേതന അവധി അനുവദിക്കുന്നതിനും സൂചന (1) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. ശ്രീ. പി. ഐ. സുബൈർകുട്ടി, ന്യൂ ഡൽഹി കേരള ഹൗസിൽ ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിൽ ജോലി ചെയ്തിരുന്ന കാലയളവിൽ കൃത്യവിലോപം, അനധികൃത അവധി എന്നീ കുറ്റങ്ങൾ ആരോപിച്ച് ടിയാനെതിരെ ആരംഭിച്ച അച്ചടക്ക നടപടി, ആരോപണങ്ങൾ ശരി വയ്ക്കുന്നതിനാധാരമായ മതിയായ രേഖകൾ കണ്ടെത്താനാകാതെ സൂചന (2) പ്രകാരം തീർപ്പാക്കി ഉത്തരവായിരുന്നു. ഈ സാഹചര്യത്തിൽ ശ്രീ. പി. ഐ. സുബൈർകുട്ടി സമർപ്പിച്ച അപേക്ഷ പ്രകാരമുള്ള അവധികൾ അനുവദിച്ചു നൽകണമെന്ന് വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർ പരാമർശം (3) പ്രകാരം ശിപാർശ ചെയ്തിരുന്നു.

(2). സർക്കാർ ഇക്കാര്യം പരിശോധിച്ചു. വിനോദ സഞ്ചാര വകുപ്പ് പത്തനംതിട്ട ജില്ലാ ഓഫിസിൽ ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിൽ ജോലി ചെയ്യുന്ന ശ്രീ. പി. ഐ. സുബൈർകുട്ടി ടിയാൻ ന്യൂ ഡൽഹി കേരള ഹൗസിൽ ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിൽ ജോലി ചെയ്തിരുന്ന

കാലയളവിൽ ഉപയുക്തമാക്കിയ 14.05.2018 മുതൽ 12.06.2018 വരെ 30 ദിവസത്തെ ആർജിത അവധിയും 13.06.2018 മുതൽ 25.06.2018 വരെ 13 ദിവസത്തെ അർദ്ധവേതന അവധിയും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജിമോൾ കെ ചാക്കോ
അണ്ടർ സെക്രട്ടറി

ഡയറക്ടർ, വിനോദ സഞ്ചാര ഡയറക്ടറേറ്റ്, തിരുവനന്തപുരം
ശ്രീ. പി. ഐ. സുബൈർകുട്ടി, ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട ജില്ലാ കാര്യാലയം, വിനോദ സഞ്ചാര വകുപ്പ് (വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് I/II) കേരള, തിരുവനന്തപുരം
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (ടൂർ-എ1/179/2024-ടൂർ)

ഉത്തരവിൻ പ്രകാരം
Signed by
Reena P P
Date: 26-12-2024 11:58:58
സെക്ഷൻ ഓഫീസർ

പകർപ്പ്:
വിനോദ സഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
വിനോദ സഞ്ചാര വകുപ്പ് സെക്രട്ടറിയുടെ പി എ യ്ക്ക്
വിനോദ സഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി എ യ്ക്ക്